**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 79** **06-10-2021 - ൽ മറുപടിയ്ക്ക്**

**ക്രെസ്റ്റ് റിപ്പോർട്ടിന്മേൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ.വി.സുമേഷ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാമൂഹ്യ പുരോഗതിക്കായി പ്രവർത്തിക്കുന്ന പഠന ഗവേഷണ കേന്ദ്രമായ ക്രെസ്റ്റ് കഴിഞ്ഞ അഞ്ച് വർഷം നടത്തിയ പഠന ഗവേഷണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ; | (എ) | ലഭ്യമാണ്. സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാമൂഹ്യ പുരോഗതിക്കായി പ്രവർത്തിക്കുന്ന പഠന ഗവേഷണ കേന്ദ്രമായ ക്രെസ്റ്റ് കഴിഞ്ഞ അഞ്ച് വർഷമായി പരിശീലനപരിപാടികളിലാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും കോർപ്പറേറ്റ് മേഖലയിൽ ജോലി ലഭിക്കുന്നതിനും പട്ടികജാതിക്കാരെ പ്രാപ്തരാക്കുന്നതിന് ഇത്തരം പരിശീലന പരിപാടികളിലൂടെ സാധിച്ചിട്ടുണ്ട്. അഞ്ചു മാസം ദൈർഘ്യമുള്ള Post Graduate Certificate Course for Professional Development (PGCCPD) ആണ് പ്രധാനമായും നടത്തിയിരുന്നത്. കേരളത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക സമുദായങ്ങളിൽ നിന്നും പ്രൊഫഷണൽ വിദ്യാഭ്യാസം ലഭിച്ചവരും ബിരുദധാരികളുമായ 400 പേർ ഈ കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്. ഓരോ PGCCPD ബാച്ചിലും ഗ്രാജ്വേഷൻ തലത്തിലും അഭിമുഖത്തിലും ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 40 വിദ്യാർത്ഥികളെയാണ് പ്രവേശിപ്പിക്കുന്നത്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, ദേശീയ തലത്തിൽ പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസം ഉറപ്പു വരുത്തുക എന്നിവയും ക്രെസ്റ്റിന്റെ പ്രധാന പദ്ധതികളാണ്. |
| (ബി) | ക്രെസ്റ്റിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ | (ബി) | ലഭ്യമാണ്. സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാമൂഹ്യ പുരോഗതിക്കായി |

| | | | |
|---|---|---|---|
| | പുരോഗതിയ്ക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കുമോ; | | പ്രവർത്തിക്കുന്ന പഠന ഗവേഷണ കേന്ദ്രമായ ക്രെസ്റ്റ് കഴിഞ്ഞ അഞ്ച് വർഷമായി പരിശീലനപരിപാടികളിലാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം നേടുന്നതിനും കോർപ്പറേറ്റ് മേഖലയിൽ ജോലി ലഭിക്കുന്നതിനും പട്ടികജാതിക്കാരെ പ്രാപ്തരാക്കുന്നതിന് ഇത്തരം പരിശീലന പരിപാടികളിലൂടെ സാധിച്ചിട്ടുണ്ട്. അഞ്ചു മാസം ദൈർഘ്യമുള്ള Post Graduate Certificate Course for Professional Development (PGCCPD) ആണ് പ്രധാനമായും നടത്തിയിരുന്നത്. കേരളത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്ക സമുദായങ്ങളിൽ നിന്നും പ്രൊഫഷണൽ വിദ്യാഭ്യാസം ലഭിച്ചവരും ബിരുദധാരികളുമായ 400 പേർ ഈ കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ട്. ഓരോ PGCCPD ബാച്ചിലും ഗ്രാജ്വേഷൻ തലത്തിലും അഭിമുഖത്തിലും ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 40 വിദ്യാർത്ഥികളെയാണ് പ്രവേശിപ്പിക്കുന്നത്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, ദേശീയ തലത്തിൽ പ്രശസ്തമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉന്നത വിദ്യാഭ്യാസം ഉറപ്പു വരുത്തുക എന്നിവയും ക്രെസ്റ്റിന്റെ പ്രധാന പദ്ധതികളാണ്. |
| (സി) | സ്കൂൾ വിദ്യാഭ്യാസം, ഉന്നതവിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ എസ്.സി., എസ്.ടി. വിദ്യാർത്ഥികൾക്ക് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള പുരോഗതി സംബന്ധിച്ച ക്രെസ്റ്റിന്റെ കണ്ടെത്തൽ വിശദമാക്കുമോ? | (സി) | കോവിഡ് മഹാമാരി കാരണം പ്രതികൂല സാഹചര്യം നിലനിന്നിരുന്നതിനാൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സ്കൂൾ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ക്രെസ്റ്റിന് ശേഖരിക്കുവാനായിട്ടില്ല. |

സെക്ഷൻ ഓഫീസർ